നീർത്തട സംരക്ഷണ നിയമം അനുസരിച്ച് സംസ്ഥാനത്ത് ഇതുവരെയായി ആയിരത്തി ഒരുന്നൂറോളം കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്. നിയമ വിരുദ്ധമായി നികത്തിയ നെൽപ്പാടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിയമ മനുസരിച്ചുതന്നെ ഉത്തരവിട്ടിട്ടുണ്ട്. തൃശ്ശൂർ പട്ടണത്തിൽ 25 ഏക്കറോളം വരുന്ന ഭൂമിയിൽ നിലം നികത്തിയതിനെ തുടർന്ന് ശക്തമായ നടപടി സ്വീകരിക്കുകയും ഹൈക്കോടതി സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചുമെല്ലാം ഗവൺമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും എടുത്ത എല്ലാ നടപടികളും ശരിവയ്ക്കുകയും നികത്തിയ സ്ഥലം മുഴുവൻ പൂർവ്വസ്ഥിതിയിലാക്കുകയും ആ മണ്ണ് മുഴുവൻ അവിടെ നിന്ന് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ശ്രീ. ജോർജ് തൃശ്ശൂർ ടൗണിൽ പോയി കാണണം. മിക്കവാറും ജില്ലകളിൽ ഇപ്പോൾ പൂർവ്വസ്ഥിതിയിലാക്കുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിയമം നടപ്പിലാക്കിയതിനെ തുടർന്നാണ് നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയും നെല്ലുല്പാദനവും വർദ്ധിച്ചത്. നിയമത്തിന്റെ ഇംപ്ലിമെന്റേഷൻ കൃഷി വകുപ്പും നിയമപരമായ മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ റവന്യൂ വകുപ്പുമാണ് ചെയ്യുന്നത് ആക്കുളം കായലിനെക്കുറിച്ച് എഴുതി തന്നിരുന്നുവെങ്കിൽ കുറച്ചുകൂടി വിശദമായി കാര്യങ്ങൾ പറയാമായിരുന്നു. ആക്കുളത്തെ തണ്ണീർത്തടം നികത്തുന്നത് - ആക്കുളം ആയാലും മറ്റ് കായലുകളായാലും വെള്ളായണി കായലായാലും അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് തന്നെയാണ് ഗവൺമെന്റ് നയം. കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ അതിന് വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. അത് നികത്തുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) വാദ്യ കലാകാരന്മാർക്ക് ക്ഷേമനിധി

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ അഞ്ചു ലക്ഷത്തോളം വരുന്ന വാദ്യ കലാകാരന്മാർ ഉത്സവകാലങ്ങളിൽ വരുമാനമുള്ളവരാണെങ്കിലും ഓഫ് സീസണുകളിൽ ജീവിക്കുവാൻ വളരെ ബുദ്ധിമുട്ടുന്നവരാണ്. അതുകൊണ്ട് ഇവരുടെ ജീവിതം രക്ഷപ്പെടുത്താൻ ഉതകുന്ന ഒരു ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം, സംസ്ഥാന ഗവൺമെന്റ് സാംസ്ക്കാരിക വകുപ്പിൽ സമഗ്രമായ കലാകാര ക്ഷേമനിധി രൂപവൽക്കരിക്കുന്നതോടുകൂടി പരിഹരിക്കപ്പെടുന്നതാണ്. ക്ഷേമനിധി വളരെവേഗം പ്രാബല്യത്തിൽ വരുന്നതാണ്.

(5) മഴമൂലമുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കഴിഞ്ഞ രണ്ടാഴ്ചക്കാലമായി കാസർകോട്, കണ്ണൂർ ജില്ലകളിൽ അതിശക്തമായ മഴ തുടരുകയാണ്. ഇതിന്റെ ഫലമായി നൂറു കണക്കിന് ഹെക്ടർ നെൽകൃഷി ഇതിനകം നശിച്ചുകഴിഞ്ഞു. ഇരുപത്തിയഞ്ചോളം വീടുകൾ പൂർണ്ണമായി നഷ്ടപ്പെടുകയും ഏതാണ്ട് മുന്നൂറോളം വീടുകൾ ഭാഗികമായി തകരുകയും ചെയ്തു. മൂന്ന് ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകം മരിച്ചു. അതുപോലെ ഉൾനാടൻ റോഡുകളെല്ലാം ഗതാഗതയോഗ്യ മല്ലാതായിത്തീർന്നു. അടിയന്തിരമായും ഇത്തരം കാര്യങ്ങൾക്ക് ആശ്വാസ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, കാസർകോട്, കണ്ണൂർ ജില്ലകളിൽ കനത്ത മഴമൂലം നാശനഷ്ടം ഉണ്ടായതായി ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കുഞ്ഞിരാമൻ പറഞ്ഞത് വസ്തുതയാണ്. കണക്കുകൾ പൂർണ്ണമായി കിട്ടിയിട്ടുണ്ട്. അത് മുഴുവൻ വായിക്കുന്നില്ല. വീടുകൾ തകർന്നവർക്ക് 35,000 രൂപ അനുവദിക്കുന്നതിനുപുറമേ 65,000 രൂപകൂടി ഗവൺമെന്റ് അനുവദിക്കുന്നുണ്ട്. അങ്ങനെ ഒരു ലക്ഷം രൂപ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർകോട് ജില്ലയ്ക്ക് ഒരുകോടി 35 ലക്ഷം രൂപയും കണ്ണൂർ ജില്ലയ്ക്ക് ഒരു കോടി 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുക എത്രയും വേഗം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(6) അന്താരാഷ്ട്ര വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കാൻ നടപടി

ശ്രീ. എ. പ്രദീപ് കുമാർ: സർ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ഈ പ്രശ്നം ഞാൻ രണ്ടാമത്തെ തവണയാണ് സഭയിൽ ഉന്നയിക്കുന്നത്. ലോകത്തിലെ തന്നെ ഏറ്റവും ചെറിയ ഇന്റർനാഷണൽ എയർപോർട്ടാണ് 337 ഏക്കർ മാത്രമുള്ള കോഴിക്കോട് എയർപോർട്ട്. ഇവിടെയുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഒരേ സമയം 12 വിമാനങ്ങൾ മാത്രം പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് സൗകര്യം മാത്രമാണ് അവിടെയുള്ളത്. പലപ്പോഴും വിമാനങ്ങൾ വന്ന് പാർക്കിംഗ് സിഗ്നൽ ലഭിക്കാതെ തിരിച്ചുപോകേണ്ട അവസ്ഥയാണ്. ഗൾഫ് യാത്രക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രസ്തുത വിമാനത്താവളം ഇന്ന് പ്രതിസന്ധിയിലാണ്. അതിന് ഇന്റർനാഷണൽ സ്റ്റാറ്റസ് നഷ്ടപ്പെടുമെന്നുള്ള നിലയിൽ കാര്യങ്ങൾ നിൽക്കുകയാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ 350 കോടി രൂപ അതിന്റെ വികസനത്തിനുവേണ്ടി അനുവദിച്ചു. പക്ഷേ വികസനത്തിന് ആവശ്യമായ 136 ഏക്കർ ഭൂമി ഏറ്റെടുത്ത് കൊടുക്കേണ്ട ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിനാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റ് ഈ ബാധ്യത നിറവേറ്റിയിട്ടില്ല. ഭൂമി ഏറ്റെടുക്കാൻ റിക്വിസിഷൻ പോകേണ്ടത് ട്രാൻസ്പോർട്ട് വകുപ്പിൽനിന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒന്നും ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ നിയമസഭയിൽ ഞാൻ സബ്മിഷൻ ഉന്നയിച്ച സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനുവേണ്ടി ഉന്നതതലയോഗം വിളിക്കുമെന്ന് പറഞ്ഞിരുന്നതാണ്. യോഗം വിളിച്ചിട്ടില്ല. നീതീകരിക്കുവാനാകാത്ത കാലതാമസമാണ് കോഴിക്കോട് എയർപോർട്ടിന്റെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. അതുകൊണ്ട് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സ്റ്റാറ്റസ് നിലനില്ക്കണമെങ്കിൽ ആ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly